LIBRARY ARCHIVES Kerala Legislative Assembly

വറ്റല്ലൂർ താഴെകളമ്പ കടിവെള്ള പദ്ധതി

196 (1612) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ മലപ്പുറം ജില്ലാ പഞ്ചായത്ത് മുഖേന കുറവ പഞ്ചായത്തിലെ വറ്റല്ലൂർ താഴെകളമ്പ കടിവെള്ള പദ്ധതിക്കായി തുക നീക്കിവച്ചിട്ടുണ്ടായിരുന്നോ ;

(ബി) എങ്കിൽ ഓരോ സാമ്പത്തിക വർഷവും എത്ര രൂപയാണ് ഇതിനായി നീക്കി വച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണോദ്യോഗസ്ഥൻ ആരാണെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തിക്ക് എഗ്രിമെന്റ് വച്ചിട്ടുണ്ടോ ; എങ്കിൽ കൺവീനർ വർക്കായിട്ടാണോ ടെണ്ടർ വർക്കായിട്ടാണോ എഗ്രിമെന്റ് വച്ചിട്ടുള്ളത് എന്നും എഗ്രിമെന്റ് വച്ച വ്യക്തിയുടെ പേരും വിലാസവും വിശദമാക്കാമോ ;

(ഇ) പ്രസ്തുത പദ്ധതിയുടെ ജലസ്രോതസ്സ് എവിടെയാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(എഫ്) ഇതിനായി തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ പകർപ്പ് ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി)

സാമ്പത്തിക വർഷം	നീക്കിവച്ച തുക (രൂപയിൽ)
2013-14	9,50,000
2014-15	5,00,000
2015-16	5,00,000

(സി) എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി. ഡിവിഷൻ, മലപ്പുറം.

(ഡി) ഇല്ല.

(ഇ) ചെറുപുഴ (ഉറന്ന കിണർ).

(എഫ്) എസ്റ്റിമേറ്റിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

സർക്കാർ എഴുതിത്തള്ളിയ ഭവനശ്രീ വായ്പകൾ

197 (1613) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏതെല്ലാം ബാങ്കിംഗ് സ്ഥാപനങ്ങളിൽനിന്നും നൽകിയിട്ടുള്ള ഭവനശ്രീ വായ്പകളാണ് സർക്കാർ എഴുതിത്തള്ളിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത വായ്പകൾ എഴുതിത്തള്ളിയതിന്റെ മാനദണ്ഡങ്ങൾ എന്തെക്കെയെന്ന് വ്യക്തമാക്കുമോ; ഇതുസംബന്ധമായ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ;

(സി)ഏതൊക്കെ ബാങ്കിംഗ് സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള ഭവനശ്രീ വായ്പയാണ് ഇനിയും എഴുതിത്തള്ളാനുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ഭവനശ്രീ വായ്പ എഴുത്തള്ളിയിട്ടും ബാങ്കുകൾ വായ്പക്കാരുടെ പ്രമാണങ്ങൾ തിരികെ നൽകാത്തത് സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ

ഉത്തരം

(എ) സംസ്ഥാനത്തെ ദേശസാൽകൃത ബാങ്കുകളിൽനിന്നും പ്രൈവറ്റ് ഷെഡ്യൂൾഡ്, കൊമേഴ്യൽ ബാങ്കുകളിൽനിന്നും സഹകരണ ബാങ്കുകളിൽനിന്നും നൽകിയിട്ടുള്ള ഭവനശ്രീ വായ്പകളാണ് സർക്കാർ എഴുതിത്തള്ളിയിട്ടുള്ളത്. ബാങ്കുകളുടെ പേരുവിവരം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ബി) സംസ്ഥാനതലത്തിൽ ഭവനശ്രീ വായ്പകൾ ഏറ്റെടുക്കാൻ സർക്കാർ നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ 30-6-2010-ൽ വിവിധ ബാങ്കുകളിൽ നിലനിന്നിരുന്ന ഭവനശ്രീ വായ്പയുടെ കുടിശ്ശികയും പലിശയുമാണ് സർക്കാർ ഏറ്റെടുത്തിട്ടുള്ളത്. ആദ്യഘട്ടമായി ദേശസാൽകൃത ബാങ്കുകളിൽനിന്നും എടുത്തിട്ടുള്ള വായ്പകളാണ് 13-9-2010-ലെ ജി.ഒ. (എംഎസ്.) നമ്പർ 211/2010 തസ്വഭവ ഉത്തരവ് പ്രകാരം ഏറ്റെടുത്തിട്ടുള്ളത്. എന്നാൽ വിവിധ ബാങ്കുകൾ യഥാസമയം വിവരങ്ങൾ കൈമാറുന്നതിൽ വീഴ്ച വരുത്തിയതിനാൽ ഇത്തരം ബാങ്കുകളിൽ നിലനിന്നിരുന്ന ഭവനശ്രീ വായ്പാ കുടിശ്ശികയുടെ കണക്കുകൾ ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ ഇത്തരത്തിലുള്ള ഭവനശ്രീ (അഡീഷണൽ) അക്കൗണ്ടുകൾ 29-1-2015-ലെ ജി.ഒ. (എംഎസ്.) നമ്പർ 19/15/തസ്വഭവ ഉത്തരവ് പ്രകാരം ഏറ്റെടുത്തിട്ടുണ്ട്. സഹകരണ ബാങ്കുകളിൽ നിലനിന്നിരുന്ന ഭവനശ്രീ വായ്പകൾ 31-5-2014-ലെ ജി.ഒ. (എംഎസ്.) നമ്പർ 96/2014/ തസ്വഭവ ഉത്തരവ് പ്രകാരം ഏറ്റെടുത്തിട്ടുണ്ട്. ഇതുസംബന്ധിച്ചുള്ള ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.* ആയതിൽ ടി വായ്പകൾ ഏറ്റെടുത്തത് സംബന്ധിച്ച മാനദണ്ഡങ്ങൾ ഉൾക്കൊള്ളുന്നുണ്ട്.

(സി) കുടുംബശ്രീ മിഷൻ എസ്.എൽ.ബി.സി. വഴിയാണ് ബാങ്കുകളിലെ ഭവനശ്രീ വായ്പകളെക്കുറിച്ചുള്ള കണക്കുകൾ ശേഖരിച്ച് സർക്കാരിലേക്ക് ലഭ്യമാക്കുന്നത്. എസ്.എൽ.ബി.സി. ബാങ്കുകളുടെ ലിസ്റ്റ് തരുന്ന മുറയ്ക്ക് മാത്രമേ ഇനിയും എഴുതിത്തള്ളാനുള്ള ഭവനശ്രീ വായ്പ ഏതൊക്കെ ബാങ്കുകളിലാണെന്ന് അറിയാൻ സാധിക്കുകയുള്ളൂ.

(ഡി) ഉണ്ട്. കാസർഗോഡ് ജില്ലയിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ കാസർഗോഡ് ബ്രാഞ്ചിൽനിന്നും ഭവനശ്രീ വായ്പ എടുത്ത ഗുണഭോക്താക്കളുടെ ആധാരം തിരികെ നൽകാത്ത സാഹചര്യത്തിൽ കുടുംബശ്രീ മിഷൻ ബാങ്ക് അധികൃതർക്ക് കത്ത് എഴുതുകയും ബാങ്കുമായി കൂടിക്കാഴ്ച നടത്തുകയും ചെയ്തിട്ടുണ്ട്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly